NATIONAL
DAIRY
DEVELOPMENT
BOARD

# കന്നുകാലികളിൽ മുഖ്യമായി കാണപ്പെടുന്ന രോഗങ്ങൾക്കുള്ള പാരമ്പര്യ ചികിത്സാ വിധിക്രമങ്ങൾ








INSTITUTE OF TRANSDISCIPLINARY HEALTH SCIENCES & TECHNOLOGY

# അകിടുവീക്കം



കറ്റാർവാഴ





മഞ്ഞൾ



നാരങ്ങാ



കറിവേപ്പില



ശർക്കര



ചുണ്ണാമ്പ്

## ചേരുവകൾ (ഒരു ദിവസത്തേക്ക്) :

(എ)കറ്റാർവാഴ – 250 ഗ്രാം; (ബി) മഞ്ഞൾ – 50 ഗ്രാം; (സി) കാൽസ്യം ഹൈഡ്രോക്സൈഡ് (ചുണ്ണാമ്പ്)– 15 ഗ്രാം, നാരങ്ങാ – 2 എണ്ണം; കറിവേപ്പില – 2 കൈപിടി; ശർക്കര – 100 ഗ്രാം.

## തയ്യാറാക്കേണ്ട വിധം :

(i) എല്ലാ ചേരുവകളും (‘ എ’ മുതൽ ‘ സി’ വരെ ഉള്ള ചേരുവകൾ മാത്രം) കൂട്ടി ചേർത്തു ചുവന്ന നിറമുള്ള കുഴമ്പ് രൂപത്തിലേക്കു അരച്ചു എടുക്കുക.

## ചികിത്സാരീതി:

(i) അരച്ചു വെച്ച കുഴമ്പ് ഒരു കൈ പിടി എടുത്തു അതിലേക്കു 150–200 മില്ലി വെള്ളം ചേർത്തെടുക്കുക.

(ii) അകിടു നന്നായി കഴുകിയശേഷം ഈ മിശ്രിതം അകിടിന്റെ എല്ലാ വശങ്ങളിലും തേച്ചു പിടിപ്പിക്കുക.

(iii) ഇതു ദിവസേന പത്തു നേരം എന്ന കണക്കിൽ 5 ദിവസത്തേക്കു ആവർത്തിക്കുക.

(iv) ദിവസേന രണ്ടു നാരങ്ങാ വിതം മൂന്ന് ദിവസത്തേക്ക് നല്കുക.

## കുറിപ്പ് :

പാലിൽ രക്തം കലർന്നിട്ടുണ്ടങ്കിൽ മേല്പറഞ്ഞ ചികിത്സാവിധിക്കു പുറമെ കറിവേപ്പിലയും (രണ്ടു കൈ പിടി) ശർക്കരയും കൂട്ടി അരച്ച കുഴമ്പ് ദിവസേന രണ്ടു നേരം ഭേദപ്പെടും വരെ നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# കാമ്പ് അടഞ്ഞു പോകൽ



ആര്യ വേപ്പിന്റെ തണ്ട്





മഞ്ഞൾ



വെണ്ണ

അല്ലെങ്കിൽ



നെയ്യ്

## ചേരുവകൾ :

പുതുതായി പറിച്ച വൃത്തിയുള്ള വേപ്പിലത്തണ്ട്; മഞ്ഞൾപ്പൊടി; വെണ്ണ അല്ലെങ്കിൽ നെയ്യ്

## തയ്യാറാക്കേണ്ട വിധം :

കാമ്പിന്റെ നീളത്തിനൊപ്പിച്ച് ആര്യ വേപ്പിന്റെ തണ്ട് മുറിച്ചെടുക്കുക.

## ചികിത്സാരീതി:

(i) മുറിച്ചെടുത്ത തണ്ട് മഞ്ഞളും വെണ്ണ /നെയ്യ് ചേർന്ന മിശ്രിതത്തിൽ മുക്കിയെടുക്കുക.

(ii) അടഞ്ഞു പോയ കാമ്പിലേക്ക് തയ്യാറാക്കി വച്ചിരിക്കുന്ന ഇലത്തണ്ട് അപ്രദക്ഷിണ ദിശയിൽ കയറ്റുക.

(iii) ഓരോ കറവയ്ക്കു ശേഷവും പുതിയ തണ്ട് ഉപയോഗിക്കേണ്ടതാണ്

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# അകിടുനീര്



പാചക എണ്ണ





മഞ്ഞൾ



വെളുത്തുള്ളി

## ചേരുവകൾ (ഒരു നേരത്തേക്ക്) :

നല്ലെണ്ണ അല്ലെങ്കിൽ കടുകെണ്ണ; മഞ്ഞൾ പൊടി – ഒരു കൈ പിടി; വെളുത്തുള്ളി – 2 അല്ലി.

## തയ്യാറാക്കേണ്ട വിധം :

(i) എണ്ണ ചൂടാക്കി അതിലേക്ക് മഞ്ഞൾപ്പൊടിയും വെളുത്തുള്ളി അരിഞ്ഞതും ചേർക്കുക.

(ii) ചേരുവകൾ നന്നായി ഇളക്കുക. ചേരുവകളുടെ മണം വരുമ്പോൾ തീയിൽ നിന്നും വാങ്ങുക (തിളക്കേണ്ട ആവശ്യമില്ല).

(iii) തണുക്കാൻ അനുവദിക്കുക.

## ചികിത്സാരീതി:

(i) നീരുള്ള ഭാഗത്തും അകിട് മൊത്തത്തിലും ഈ മിശ്രിതം വൃത്താകൃതിയിൽ നന്നായി തിരുമ്മി തേച്ചു പിടിപ്പിക്കുക.

(ii) ദിവസേന 4 നേരം എന്ന് നിരക്കിൽ മൂന്ന് ദിവസം ആവർത്തിക്കുക.

## കുറിപ്പ് :

ഈ ചികിത്സ പ്രയോഗിക്കും മുമ്പേ അകിടുവീക്കം ഇല്ല എന്ന് ഉറപ്പു വരുത്തുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# മറുപിള്ള വീഴാതിരിക്കുക



മുള്ളങ്കി





വെണ്ടക്ക



ശർക്കര



ഉപ്പ്

### ചേരുവകൾ (ഒരു നേരത്തേക്ക്) :

വെള്ള മുള്ളങ്കി– 1; വെണ്ടക്ക– 1.5 കി ഗ്രാം; ശർക്കര– ആവിശ്യത്തിന്; ഉപ്പ്– ആവിശ്യത്തിന്.

### തയ്യാറാക്കേണ്ട വിധം:

(i) വെണ്ടക്ക രണ്ടായി മുറിച്ച് വെയ്ക്കുക.

### ചികിത്സാരീതി:

(i) പ്രസവിച്ച് രണ്ടു മണിക്കൂറിനുള്ളിൽ ഒരു മുള്ളങ്കി നൽകുക.

(ii) പ്രസവിച്ച് 8 മണിക്കൂറുകൾക്ക് ശേഷവും മറുപിള്ള വീണില്ല എങ്കിൽ 1.5 കി ഗ്രാം വെണ്ടക്ക ഉപ്പും ശർക്കരയും ചേർത്തു നൽകുക.

(iii) 12 മണിക്കൂറുകൾക്ക് ശേഷവും മറുപിള്ള വീണില്ല എങ്കിൽ പുറത്തേക്ക് കാണപ്പെടുന്ന മറുപിള്ള ആരംഭ ഭാഗത്ത് കെട്ടിയ ശേഷം 2 ഇഞ്ച് വിട്ട് മുറിച്ച് കളയുന്നതു മൂലം കെട്ട് ഉള്ളിലേക്ക് പോകുന്നതാണ്.

(iv) തങ്ങി നിൽക്കുന്ന മറുപിള്ള യാതൊരു കാരണവശാലും കൈ കൊണ്ടു വലിച്ചെടുക്കാൻ ശ്രമിക്കരുത്.

(v) 4 ആഴ്ചത്തേക്ക് ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ ഓരോ മുള്ളങ്കി നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ചെന പിടിക്കാതിരിക്കുക



മുള്ളങ്കി



കറ്റാർവാഴ





ചങ്ങലംപിരണ്ട



മുരിങ്ങ



ശർക്കര



കറിവേപ്പില



ഉപ്പ്



മഞ്ഞൾ

**ചികിത്സാരീതി:**

(i) മദി ലക്ഷണം കാണിക്കുന്ന ആദ്യത്തേയോ രണ്ടാമത്തേയോ ദിവസം ചികിത്സ ആരംഭിക്കുക.

(ii) ദിവസേന ഒരു നേരം ഉപ്പും ശർക്കരയും ചേർത്തു താഴെ കൊടുത്തിരിക്കുന്ന ക്രമത്തിൽ നൽകുക.

(എ) വെള്ള മുള്ളങ്കി ദിവസേന ഒന്ന് വീതം 5 ദിവസത്തേക്ക്.

(ബി) ശേഷം ദിവസേന കറ്റാർവാഴ പോള ഒന്ന് വീതം 4 ദിവസത്തേക്ക്.

(സി) ശേഷം 4 കൈ പിടി മുരിങ്ങ ഇല 4 ദിവസത്തേക്ക്.

(ഡി) ശേഷം 4 കൈ പിടി ചങ്ങലം പിരണ്ട തണ്ട് 4 ദിവസത്തേക്ക്.

(ഇ) ശേഷം 4 കൈ പിടി കറിവേപ്പില (കുറച്ച് മഞ്ഞൾ ചേർത്ത്) 4 ദിവസത്തേക്ക്.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ഗർഭപാത്രം/ഗുദം പുറത്തേക്ക് തള്ളൽ





കറ്റാർ വാഴയുടെ ദശ



മഞ്ഞൾ



തൊട്ടാവാടി ഇല

## ചേരുവകൾ (ഒരു നേരത്തേക്ക്):

കറ്റാർ വാഴയുടെ ദശ – ഒരു പോളയിൽ നിന്നും എടുത്തത്; മഞ്ഞൾപ്പൊടി– ഒരു നുള്ള്; തൊട്ടാവാടി ഇല– 2 കൈ പിടി.

## തയ്യാറാക്കേണ്ട വിധം:

(i) പോളയിൽ നിന്നു ദശ മുഴുവനായും നീക്കുക.

(ii) വഴുവഴുപ്പു മാറും വരെ പലതവണ കഴുകുക.

(iii) ഒരു നുള്ള് മഞ്ഞൾപ്പൊടി ചേർത്തു തിളപ്പിച്ചു പകുതി അളവാക്കിയെടുക്കുക, ശേഷം തണുപ്പിക്കുക.

(iv) തൊട്ടാവാടി ഇല കുഴമ്പ് പരുവത്തിൽ അരച്ചെടുക്കുക.

## ചികിത്സാരീതി:

(i) പുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗം വൃത്തിയാക്കുക.

(ii) തയ്യാറാക്കി വച്ചിരിക്കുന്ന കറ്റാർ വാഴ കുഴമ്പ് പുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗത്ത് തേച്ചു പിടിപ്പിക്കുക/തളിക്കുക.

(iii) കറ്റാർ വാഴ കുഴമ്പ് ഉണങ്ങിയ ശേഷം, തൊട്ടാവാടി ഇല അരച്ചത് തേയ്ക്കുക.

(iv) ഭേദപ്പെടും വരെ ഇത് ആവർത്തിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വായ് പുണ്ണ് (കുളമ്പുരോഗം)





ജീരകം



കുരുമുളക്



വെളുത്തുള്ളി



ശർക്കര



മഞ്ഞൾ



ഉലുവ



നാളികേരം

## ചേരുവകൾ (ഒരു നേരത്തേക്ക്):

ജീരകം – 10 ഗ്രാം; ഉലുവ – 10 ഗ്രാം; കുരുമുളക് – 10 ഗ്രാം; മഞ്ഞൾപൊടി – 10 ഗ്രാം; വെളുത്തുള്ളി – 4 അല്ലി; നാളികേരം–1 ചിരകിയത്; ശർക്കര– 120 ഗ്രാം.

## തയ്യാറാക്കേണ്ട വിധം :

(i) ജീരകവും, ഉലുവയും, കുരുമുളകും 20–30 മിനിറ്റ് വെള്ളത്തിൽ കുതിർക്കുക.

(ii) ശേഷം എല്ലാ ചേരുവകളും കൂടെ കുഴമ്പ് രൂപത്തിൽ അരച്ചെടുക്കുക.

(iii) ഇതിലേക്ക് ഒരു നാളികേരം ചിരകിയത് ചേർക്കുക.

(iv) ഓരോ തവണയും ഈ മിശ്രിതം പുതുതായി ഉണ്ടാക്കുക.

## ചികിത്സാരീതി:

(i) വായ്ക്കുള്ളിലും, നാവിലും, അണ്ണാക്കിലും തേച്ചു കൊടുക്കുക.

(ii) 3–5 ദിവസത്തേക്ക് ദിവസവും 3 നേരം നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വ്രണങ്ങൾ / മുറിവ്



കുപ്പമേനി





വേപ്പില



വെളുത്തുള്ളി



മഞ്ഞൾ







മൈലാഞ്ചി

വെളിച്ചെണ്ണ / കടുകെണ്ണ



തുളസി



ആത്ത ഇല

## ചേരുവകൾ (ഒരു നേരത്തേക്ക്):

കുപ്പമേനി ഇല – 1 കൈ പിടി; വെളുത്തുള്ളി –10 അല്ലി; ആര്യവേപ്പില – 1 കൈ പിടി; വെളിച്ചെണ്ണ അല്ലെങ്കിൽ കടുകെണ്ണ – 250 മി ല്ലി; മഞ്ഞൾപൊടി – 20 ഗ്രാം; മൈലാഞ്ചി – 1 കൈ പിടി; തുളസി ഇല – 1 കൈ പിടി

## തയ്യാറാക്കേണ്ട വിധം:

(i) ചേരുവകളെല്ലാം അരച്ചെടുക്കുക.

(ii) ഇതിലേക്ക് 250 മില്ലി വെളിച്ചെണ്ണ അല്ലെങ്കിൽ കടുകെണ്ണ ചേർത്തു തിളപ്പിച്ച ശേഷം തണുപ്പിക്കുക.

## ചികിത്സാരീതി:

(i) മുറിവു വൃത്തിയാക്കിയ ശേഷം മരുന്നു തേച്ചു പിടിപ്പിക്കുക അല്ലെങ്കിൽ തുണിയിൽ മരുന്ന് കൂട്ട് മുക്കി മുറിവിൽ കെട്ടി വയ്ക്കുക.

(ii) മുറിവിൽ പുഴുക്കൾ ഉണ്ടെങ്കിൽ ആദ്യ ദിവസം കർപ്പൂരം അലിയിച്ച വെളിച്ചെണ്ണയോ അല്ലെങ്കിൽ ആത്തയില അരച്ച് നല്ലവണ്ണം തേച്ചുപിടിപ്പിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# പനി




## ചേരുവകൾ (ഒരു ദിവസത്തേക്ക്):

വെളുത്തുള്ളി – 2 അല്ലി; മല്ലി – 10 ഗ്രാം; ജീരകം – 10 ഗ്രാം; തുളസി – 1 കൈ പിടി; ഉണങ്ങിയ കറുവാ ഇല – 10 ഗ്രാം; കുരുമുളക് – 10 ഗ്രാം; വെറ്റില – 5 എണ്ണം; ചെറിയ ഉള്ളി – 2 എണ്ണം; മഞ്ഞൾപൊടി – 10 ഗ്രാം; കിരിയാത്ത് ഇല പൊടിച്ചത് – 20 ഗ്രാം; കർപ്പൂര തുളസി – 1 കൈ പിടി; വേപ്പില – 1 കൈ പിടി; ശർക്കര – 100 ഗ്രാം.

## തയ്യാറാക്കേണ്ട വിധം:

(i) 15 മിനിറ്റ് നേരം ജീരകം, കുരുമുളക്, മല്ലി എന്നിവ വെള്ളത്തിൽ കുതിർക്കുക.

(ii) ഈ കൂട്ട് അരച്ചു കുഴമ്പ് പരുവത്തിലാക്കുക.

## ചികിത്സാരീതി:

ചെറിയ ഭാഗങ്ങളാക്കി കാലത്തും വൈകുന്നേരവും നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വയറിളക്കം



ഉലുവ





കുരുമുളക്



ഉള്ളി



കസ്കസ്



ജീരകം



മഞ്ഞൾ



വെളുത്തുള്ളി



കറിവേപ്പില



ശർക്കര



കായം

## ചേരുവകൾ (ഒരു നേരത്തേക്ക്) :

ഉലുവ – 10ഗ്രാം; ഉള്ളി – 1 എണ്ണം; വെളുത്തുള്ളി– 1 അല്ലി; ജീരകം– 10 ഗ്രാം; മഞ്ഞൾ – 10 ഗ്രാം; കറിവേപ്പില – ഒരു കൈ പിടി; കസ് കസ് – 5 ഗ്രാം; കുരുമുളക് – 10 ഗ്രാം; ശർക്കര– 100 ഗ്രാം; കായം– 5 ഗ്രാം.

## തയ്യാറാക്കേണ്ട വിധം:

(i) ജീരകവും, കായവും, കസ് കസും , ഉലുവയും നന്നായി പുക വരും വരെ വറുക്കുക.

(ii) വറുത്ത ചേരുവകൾ തണുപ്പിക്കുക.

(iii) മറ്റു ചേരുവകളും ചേർത്തു അരച്ച് കുഴമ്പ് രൂപത്തിലാക്കുക.

## ചികിത്സാരീതി:

(i) തയ്യാറാക്കി വച്ചിരിക്കുന്ന മിശ്രിതം ചെറിയ ഉരുളകളാക്കുക.


(ii) ദിവസേന ഒരു നേരം എന്ന കണക്കിൽ 3 ദിവസത്തേക്ക് രോഗം മാറും വരെ നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വായുശല്യം/ദഹനക്കുറവ്


ഉള്ളി


കുരുമുളക്




വെളുത്തുള്ളി


വെറ്റില


വറ്റൽമുളക്


ഇഞ്ചി


ജീരകം


മഞ്ഞൾ


ശർക്കര


ഉപ്പ്

## ചേരുവകൾ (ഒരു നേരത്തേക്ക്) :

ഉള്ളി– 100 ഗ്രാം; വെളുത്തുള്ളി – 10 അല്ലി; വറ്റൽമുളക്– 2 എണ്ണം; ജീരകം– 10 ഗ്രാം; മഞ്ഞൾ–10 ഗ്രാം; ശർക്കര– 100 ഗ്രാം; കുരുമുളക്– 10 ഗ്രാം; വെറ്റില– 10 എണ്ണം; ഇഞ്ചി– 100 ഗ്രാം.

## തയ്യാറാക്കേണ്ട വിധം :

(i) കുരുമുളകും ജീരകവും അരമണിക്കൂർ വെള്ളത്തിൽ കുതിർക്കുക.

(ii) മറ്റു ചേരുവകളും കൂട്ടി ചേർത്തു കുഴമ്പ് പരുവത്തിൽ അരച്ചെടുക്കുക.

## ചികിത്സാരീതി:

(i) അരച്ച മിശ്രിതം ചെറിയ ഉരുളകളാക്കുക.

(ii) ഈ ഉരുളകൾ ദിവസേന 3–4 നേരം എന്ന ക്രമത്തിൽ ഉപ്പ് ചേർത്ത് 3 ദിവസത്തേക്ക് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വിര



ഉള്ളി





കുരുമുളക്



വെളുത്തുള്ളി



മഞ്ഞൾ



കടുക്



വേപ്പില



ജീരകം



ശർക്കര



വാഴപ്പിണ്ടി



തുമ്പ



കയ്പക്കായ്/ പാവയ്ക്ക

## ചേരുവകൾ (ഒരു നേരത്തേക്ക്):

ഉള്ളി –1 എണ്ണം; വെളുത്തുള്ളി– 5 അല്ലി; കടുക് –10 ഗ്രാം; വേപ്പില – 1 കൈ പിടി; ജീരകം– 10 ഗ്രാം; കയ്പക്കായ്/ പാവയ്ക്ക–50 ഗ്രാം; മഞ്ഞൾ– 5 ഗ്രാം; കുരുമുളക്– 5 ഗ്രാം; വാഴപ്പിണ്ടി–100 ഗ്രാം; തുമ്പ – 1 കൈ പിടി; ശർക്കര – 100 ഗ്രാം.

## തയ്യാറാക്കേണ്ട വിധം :

(i) കുരുമുളകും, ജീരകവും ,കടുകും അരമണിക്കൂർ വെള്ളത്തിൽ കുതിർക്കുക.

(ii) മറ്റു ചേരുവകളും കൂടെ ചേർത്ത് കുഴമ്പ് പരുവത്തിൽ അരച്ചെടുക്കുക.

## ചികിത്സാരീതി:

(i) തയ്യാറാക്കി വച്ചിരിക്കുന്ന മിശ്രിതം ചെറിയ ഉരുളകളാക്കുക.

(ii) ഈ ഉരുളകൾ ഉപ്പു ചേർത്തു ദിവസേന ഒരു നേരം എന്ന ക്രമത്തിൽ 3 ദിവസത്തേക്ക് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ചെള്ള് / പേൻ



വെളുത്തുള്ളി





മഞ്ഞൾ



വേപ്പില



കൊങ്ങിണിച്ചെടി



വയമ്പ്



വേപ്പിൻ കായ്



തുളസി

## ചേരുവകൾ :

വെളുത്തുള്ളി– 10 അല്ലി; വേപ്പില – 1 കൈ പിടി ; വേപ്പിൻ കായ് – 1 കൈ പിടി; വയമ്പ് – 10 ഗ്രാം; മഞ്ഞൾപൊടി – 20 ഗ്രാം; കൊങ്ങിണി ഇല – 1 കൈ പിടി; തുളസി – 1 കൈ പിടി.

## തയ്യാറാക്കേണ്ട വിധം:

(i) എല്ലാ ചേരുവകളും ചേർത്ത് അരയ്ക്കുക.
(ii) ഇതിലേക്ക് 1 ലിറ്റർ വെള്ളം ചേർക്കുക.
(iii) അരിപ്പയോ/ മസ്ലിൻ തുണിയോ ഉപയോഗിച്ചു അരിച്ചെടുക്കുക.
(iv) സ്പ്രെയർ ഉള്ള കുപ്പിയിലേയ്ക്കു ഇതു പകർത്തുക.

## ചികിത്സാരീതി:

(i) ഉരുക്കളുടെ ദേഹമാസകലം തളിക്കുക.
(ii) തൊഴുത്തിന്റെ എല്ലാ ഭാഗത്തും തളിക്കണം.
(iii) ഈ കൂട്ടിൽ മുക്കി എടുത്ത തുണി കൊണ്ടു ഉരുക്കളുടെ ശരീരം തുടച്ചാലും മതിയാകും.
(iv) ചെള്ള് /പേൻ വിട്ടുമാറും വരെ ആഴ്ച്ചയിലൊരിക്കൽ ഇതു പ്രയോഗിക്കാം.
(v) നല്ല വെയിൽ ഉള്ള സമയത്തു മാത്രം ഇത് പ്രയോഗിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വസൂരി / അരിമ്പാറ / വിണ്ടുകീറൽ


വെളുത്തുള്ളി




വെണ്ണ


മഞ്ഞൾ


ആര്യവേപ്പ്


ജീരകം


കർപ്പൂരതുളസി

## ചേരുവകൾ (ഒരു നേരത്തേക്ക്):

വെളുത്തുള്ളി – 5 അല്ലി; മഞ്ഞൾ പൊടി – 10 ഗ്രാം; ജീരകം– 15 ഗ്രാം; കർപ്പൂര തുളസി – ഒരു കൈ പിടി; വേപ്പില – ഒരു കൈ പിടി; വെണ്ണ (ഉത്തമം) അല്ലെങ്കിൽ നെയ്യ്– 50 ഗ്രാം.

## തയ്യാറാക്കേണ്ട വിധം :

(i) ജീരകം 15 മിനിറ്റ് നേരം വെള്ളത്തിൽ കുതിർത്തു വയ്ക്കുക.

(ii) ശേഷം എല്ലാ ചേരുവകളും കൂടെ കുഴമ്പ് രൂപത്തിൽ അരച്ചെടുക്കുക.

(iii) വെണ്ണ ചേർത്ത് നന്നായി ഇളക്കുക.

## ചികിത്സാരീതി:

(i) ഈ മിശ്രിതം കഴിയുന്നത്ര തവണ രോഗലക്ഷണം ഉള്ള ഭാഗങ്ങളിൽ രോഗ ലക്ഷണങ്ങൾ മാറും വരെ തേക്കുക.

(ii) ഇതു ചർമം ഉണങ്ങിയ ശേഷം മാത്രം തേയ്ക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.



**National Dairy Development Board, Anand**
Phone: 02692-260148, 260149 • Fax: 02692-260157
Website: www.nddb.coop

facebook.com/NationalDairyDevelopmentBoard